**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4363** **01-07-2024 - ൽ മറുപടിയ്ക്ക്**

**ആദായ നികുതിയിലെ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ആദായ നികുതി സെക്ഷൻ 43 ബി (എച്ച്) പ്രകാരം നികുതിയിലുണ്ടാകുന്ന പുതിയമാറ്റം സംസ്ഥാനത്തെ ചെറുകിട വ്യവസായികളെ ഏതെല്ലാം രീതിയിൽ ബാധിക്കുമെന്ന് വിശദാംശം നൽകാമോ? | (എ) | ആദായ നികുതി നിയമത്തിൽ പുതിയതായി ഉൾപ്പെടുത്തിയ 43 B (h) പ്രകാരം ഒരു MSME സ്ഥാപനത്തിൽ നിന്നും വാങ്ങുന്ന സാധനങ്ങൾ/ സേവനങ്ങൾ എന്നിവയ്ക്ക് പരമാവധി 15 ദിവസങ്ങൾക്കുള്ളിൽ ബില്ലിന് അനുസരിച്ചുള്ള തുക നല്കണമെന്നും, ഏതെങ്കിലും തരത്തിലുള്ള കരാർ ഉള്ള പക്ഷം 45 ദിവസം വരെ ആകാമെന്നും ആണ് വിഭാവനം ചെയ്യുന്നത്. ഇതുമൂലം സംരംഭകർക്ക് വളരെ വേഗം തുക ലഭിക്കുകയും അങ്ങനെ അവരുടെ വായ്പയുടെ ഭാരം കുറയ്ക്കുകയും ചെയ്യുക, കൂടുതൽ പ്രവർത്തന മൂലധനം കൈയിൽ ഉണ്ടായിരിക്കുക എന്നിങ്ങനെ ഉള്ള ഉദ്ദേശം ഉണ്ടായിരുന്നു. ഈ അർത്ഥത്തിൽ ടി നിർദ്ദേശം സ്വാഗതാർഹവുമായിരുന്നു.<br><br>എന്നാൽ വിറ്റുവരവിന് കാല ദൈർഘ്യമുണ്ടാകുന്ന Textile, Garments, റബ്ബർ, പ്ലാസ്റ്റിക് തുടങ്ങിയവയുടെ വില്പനയിൽ ടി നിർദേശം തടസ്സം സൃഷ്ടിക്കാൻ കാരണമാകുന്നു. തന്മൂലം എല്ലാവരിൽ നിന്നും 45 ദിവസം വരെയുള്ള കാലയളവിലേക്കായുള്ള കരാറിൽ ഏർപ്പെടാൻ നിർബന്ധിതമാകും അല്ലാത്ത പക്ഷം സംരംഭകർ അവരുടെ MSME എന്ന അംഗീകാരം ഉപേക്ഷിക്കാനും നിർബന്ധിതമാകും. |

സെക്ഷൻ ഓഫീസർ